ഉത്തരം

(എ) 31 റോഡുകൾ. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) വാമനപുരം നിയോജക മണ്ഡലത്തിൽ ടെണ്ടർ ചെയ്ത് പണി പൂർത്തിയാക്കിയതും പണി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടതുമായ റോഡുകളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* ഈ നിയോജകമണ്ഡലത്തിൽ പണി ആരംഭിക്കാത്ത റോഡുകൾ ഒന്നുംതന്നെയില്ല.

(സി) നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല.

(ഡി) വാമനപുരം നിയോജക മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന എസ്.എൻ. പുരം-പുല്ലമല, പേരയം-പുളിനട, കല്ലിയോട്-വടക്കേക്കോണം എന്നീ റോഡുകൾ പുനർ ദർഘാസ് ചെയ്തിട്ടുണ്ട്. ഇതിൽ പേരയം-പുളിനട റോഡിന് കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.

സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പേസ് സംവിധാനം

72 (1508) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഇതിനുപുറമേ, വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവയുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ, പദ്ധതികളുടെ സാമ്പത്തിക പുരോഗതി, ഭൗതിക നേട്ടങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനവും പ്ലാൻ സ്പേസിൽ ഉണ്ട്.

(ബി) നിർവ്വഹണ ഏജൻസികൾക്ക് വിവിധ വികസന പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സമയാസമയങ്ങളിൽ ഓൺലൈനായി രേഖപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും വിവിധ വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ എന്നിവർക്ക് പദ്ധതി നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്ലാൻ സ്പേസിൽ സൗകര്യമുണ്ട്.

(സി) സംസ്ഥാന സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരളം (IIITK)എന്ന സ്ഥാപനമാണ് പ്ലാൻ സ്പേസ് ഒരുക്കാനായി വേണ്ട സാങ്കേതിക സഹായം നൽകുന്നത്. കൂടാതെ പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് മേധാവികളും നിർവ്വഹണ ഏജൻസികളും പ്ലാൻ വിവരങ്ങൾ നൽകുന്നതിന് സഹകരിക്കുന്നു.

ഫീൽഡ് ചാനലുകളുടെ അറ്റകുറ്റപ്പണികൾ

73 (1509) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിഭവ വകുപ്പ്, കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി മുഖേന നിർമ്മിച്ച ഫീൽഡ് ചാനലുകൾ ജീർണ്ണിച്ച് ഉപയോഗ ശൂന്യമായിക്കിടക്കുന്നത് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കാനായി സ്റ്റേറ്റ് പ്ലാനിംഗിനു കീഴിലുള്ള ചീഫ് അഗ്രികൾച്ചർ ഡിവിഷന് സമർപ്പിച്ചിരുന്ന അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ 2014-15 വാർഷിക പദ്ധതിയിൽ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും നവീകരണത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുകയും 4 കോടി രൂപ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തുകയും